## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4772** — **20-07-2022 - ൽ മറുപടിയ്ക്ക്**

## പി.യു.കെ.സി. റോഡിന്റെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ (പി.യു.കെ.സി.) റോഡിന്റെ നവീകരണ പ്രവൃത്തിയിൽ ഉള്ളിയേരി വരെയുള്ള ആദ്യഘട്ട പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | പി.യു.കെ.സി റോഡിന്റെ ആദ്യഘട്ട പ്രവൃത്തിയായ പാവങ്ങാട് മുതൽ ഉള്ളിയേരി വരെയുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി 26.10.2021-ൽ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. 30.10.2021-ന് റിക്വിസിഷൻ നൽകുകയും 28.02.2022-ന് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 04.02.2022-ൽ ടെണ്ടർ ചെയ്യുകയും 14.02.2022-ന് തുറക്കുകയും 14.03.2022-ൽ കരാറിൽ എർപ്പെടുകയും ചെയ്തിട്ടുണ്ട്. സർവ്വെ നടപടികൾ പൂർത്തിയാക്കുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരികയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതിനായി ഏതെല്ലാം ഭാഗത്താണ് ഭൂമി ഏറ്റെടുക്കേണ്ടി വരികയെന്നും ഇത് സംബന്ധിച്ച സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും അറിയിക്കാമോ; | (ബി) | പ്രസ്തുത റോഡിന്റെ പുതിയങ്ങാടി, എലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ള്യേരി വില്ലേജുകളിൽ നിന്നും സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇത് സംബന്ധിച്ച സർവ്വെ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (സി) | ഉള്ളിയേരി വരെയുള്ള ആദ്യഘട്ട പ്രവൃത്തിയിൽ എത്ര പാലങ്ങൾ പുതുക്കി നിർമ്മിക്കാനുണ്ടെന്നും ഇത് സംബന്ധിച്ച എസ്റ്റിമേറ്റിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (സി) | ഉള്ള്യേരി വരെയുള്ള ആദ്യഘട്ട പ്രവൃത്തിയിൽ പാലങ്ങൾ പുതുക്കിപ്പണിയുന്നത് ഉൾപ്പെട്ടിട്ടില്ല. |
| (ഡി) | കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട റോഡായ പി.യു.കെ.സി. റോഡിന്റെ പ്രവൃത്തി വേഗത്തിലാക്കുന്നതിനായി ഒരു നോഡൽ ഓഫീസർക്ക് ചുമതല നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | പി.യു.കെ.സി റോഡിന്റെ പ്രവൃത്തി വേഗത്തിലാക്കുന്നതിന് നോഡൽ ഓഫീസർക്ക് ചുമതല നൽകുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ